17166
4/8/17

# കേരള സർക്കാർ

## സംഗ്രഹം

പിന്നാക്ക വിഭാഗ വികസന വകുപ്പ് - ഒ.ബി.സി. പ്രീമെട്രിക് സ്കോളർഷിപ്പ് പദ്ധതി (2017-18) – സംസ്ഥാന വിഹിതമായ 25 കോടി രൂപയും കേന്ദ്ര സർക്കാർ അനുവദിച്ച 2,73,75,000 രൂപയും കൂടി ആകെ 27,73,75000/- രൂപ വിനിയോഗിക്കുന്നതിനായി ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================

**പിന്നാക്ക വിഭാഗ വികസന (എ) വകുപ്പ്**

സ. ഉ. (സാധാ) നം.77/2017/പി.വി.വി.വ. തീയതി, തിരുവനന്തപുരം, 01.08.2017.

==========================================================

പരാമർശം: 1. കേന്ദ്ര സാമൂഹ്യനീതിയും ശാക്തീകരണവും മന്ത്രാലയത്തിൽ നിന്നുള്ള 11.05.2017 -ലെ 11014/01/2017-BC-I നമ്പർ കത്ത്.
2. പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടറുടെ 01.06.2017 -ലെ ബിസിഡിഡി/എ 3/929/2017 നമ്പർ കത്ത്.

## ഉത്തരവ്

പ്രീ-മെട്രിക്കുലേഷൻ തലത്തിൽ പഠിക്കുന്ന മറ്റു പിന്നാക്ക വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് അവരുടെ വിദ്യാഭ്യാസം പൂർത്തീകരിക്കുവാൻ ആവശ്യമായ സാമ്പത്തിക സഹായം നൽകുകയെന്ന ഉദ്ദേശത്തോടെയുള്ള പദ്ധതിയാണ് 'മറ്റു പിന്നാക്ക വിഭാഗങ്ങൾക്കുള്ള പ്രീ-മെട്രിക് സ്കോളർഷിപ്പ്' (50% കേന്ദ്രാവിഷ്കൃത പദ്ധതി) അഥവാ 'ഒ.ബി.സി. പ്രീ-മെട്രിക് സ്കോളർഷിപ്പ്'.

2. 50% കേന്ദ്രാവിഷ്കൃത പദ്ധതിയായ ഒ.ബി.സി. പ്രീമെട്രിക് പദ്ധതിക്ക് (2017-18) 2225-03-277-92 (പ്ലാൻ) എന്ന ശീർഷകത്തിൽ സംസ്ഥാന ഗവൺമെന്റ് 50 കോടി രൂപ വകയിരുത്തിയിരുന്നു. ഇതിന്റെ 50% തുകയായ 25 കോടി രൂപ കേന്ദ്രധനസഹായമായി പ്രതീക്ഷിച്ചിരുന്നു. എന്നാൽ പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിലേക്കായി കേന്ദ്രസർക്കാർ പരാമർശം (1) പ്രകാരം 2,73,75000/- (രണ്ട് കോടി എഴുപത്തിമൂന്ന് ലക്ഷത്തി എഴുപത്തയ്യായിരം രൂപ) രൂപയാണ് അനുവദിച്ചിട്ടുള്ളത്. ഈ പദ്ധതിക്ക് 2017-18 സാമ്പത്തിക വർഷത്തെ നടത്തിപ്പിന് ഭരണാനുമതി നൽകണമെന്ന് പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടർ സർക്കാരിനോട് അഭ്യർത്ഥിച്ചു

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേന്ദ്ര സർക്കാർ അനുവദിച്ച 2,73,75000/- രൂപയും സംസ്ഥാന വിഹിതമായി അധികതുക അനുവദിക്കില്ല എന്ന വ്യവസ്ഥയ്ക്ക് വിധേയമായി സംസ്ഥാന ബഡ്ജറ്റിൽ വിഭാവനം ചെയ്തിട്ടുള്ള 25 കോടി രൂപയും ചേർത്ത്

(.....2)

27,73,75000/- രൂപ (ഇരുപത്തേഴ് കോടി എഴുപത്തിമൂന്ന് ലക്ഷത്തി എഴുപത്തയ്യായിരം രൂപ) 2017-18 വർഷത്തെ പ്രീമെട്രിക് സ്കോളർഷിപ്പ് പദ്ധതിക്ക് വിനിയോഗിക്കുന്നതിനായി ഭരണാനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം),

**വിജയകുമാർ. ആർ**
**ഗവൺമെന്റ് ജോയിന്റ് സെക്രട്ടറി**

ഡയറക്ടർ, പിന്നാക്ക സമുദായ വികസന വകുപ്പ്, അയ്യങ്കാളി ഭവൻ, കനക നഗർ, വെള്ളയമ്പലം, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), തിരുവനന്തപുരം.
ധനകാര്യ വകുപ്പ് [WW1/132/2017/Fin, തീയതി 24.07.2017]
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂമീഡിയ, (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ

പകർപ്പ്:-

ബഹു. പട്ടികജാതി- പട്ടികവർഗ്ഗ പിന്നാക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
പിന്നാക്ക വിഭാഗ വികസന വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ യ്ക്ക്
പിന്നാക്ക വിഭാഗ വികസന വകുപ്പ് ജോയിന്റ് സെക്രട്ടറിയുടെ സി.എ.യ്ക്ക്.